REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-08-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- വയനാട് ദുരന്തത്തിൽ കാണാതായവർക്കു വേണ്ടി എട്ടാം ദിവസത്തെ തെരച്ചിൽ ആരംഭിച്ചു. കാലാവസ്ഥ പ്രതികൂലമായതിനാൽ ദൗത്യം വൈകി.
- വെള്ളാർമല സ്കൂൾ അതേ പേരിൽ പുനർ നിർമിക്കുമെന്ന് മന്ത്രി V.ശിവൻകുട്ടി. സ്കൂളുകളിൽ 20 ദിവസത്തിനകം ക്ലാസ്സുകൾ ആരംഭിക്കാനാകുമെന്ന് വിലയിരുത്തൽ.
- ബംഗ്ലാദേശിലെ സാഹചര്യം വിലയിരുത്താൻ ന്യൂഡൽഹിയിൽ സർവ്വകക്ഷി യോഗം ചേർന്നു.
- സംസ്ഥാനത്ത് മഴ ദുർബലമാകുന്നു. പട്ടാമ്പി പാലം ഗതാഗതത്തിന് തുറന്നു കൊടുത്തു.
- ഒളിമ്പിക്സ് ജാവലിൻ ത്രോ യോഗ്യത മത്സരത്തിൽ നീരജ് ചോപ്ര ഇന്ന് പങ്കെടുക്കും.

## വാർത്തകൾ വിശദമായി

**വയനാട് ദുരന്തത്തിൽ കാണാതായവർക്കു വേണ്ടി എട്ടാം ദിവസത്തെ തെരച്ചിൽ ആരംഭിച്ചു. സൂചിപ്പാറയ്ക്കും പോത്തുകല്ലിനുമിടയിലെ തെരച്ചിലിന് പ്രത്യേക ദൗത്യ സംഘം പുറപ്പെട്ടു. പ്രതികൂല കാലാവസ്ഥയെത്തുടർന്ന് മണിക്കൂറുകൾ വൈകിയാണ് സംഘം പുറപ്പെട്ടത്.**

സൈനികർ, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങി 12 പേരടങ്ങുന്നതാണ് പ്രത്യേക സംഘം. എയർ ലിഫ്റ്റിങ്ങിലൂടെയാണ് ഇവർ സൺറൈസ് വാലിയോട് ചേർന്നു കിടക്കുന്ന മേഖലകളിലെത്തുക.

ഇനിയും പരിശോധിക്കാത്ത മേഖലകളിൽ ഇന്ന് തെരച്ചിൽ നടത്തുന്നുണ്ട്. തിരിച്ചറിയാത്തവരുടെ മൃതദേഹങ്ങളും ശരീരഭാഗങ്ങളും മറവ് ചെയ്യുന്നതിന് ഹാരിസൺ പ്ലാന്റേഷന്റെ 50 സെന്റ് സ്ഥലം കൂടി ദുരന്ത നിവാരണ നിയമ പ്രകാരം ഏറ്റെടുക്കും.

✪✪✪

വെള്ളാർമല സ്കൂൾ അതേ പേരിൽ പുനർ നിർമിക്കുമെന്ന് മന്ത്രി V.ശിവൻകുട്ടി പറഞ്ഞു വയനാട്ടിൽ ഉരുൾപൊട്ടലിൽ തകർന്ന സ്കൂളുകൾ കാലതാമസമില്ലാതെ പുനർനിർമ്മിക്കുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഇതിന് മേൽനോട്ടം വഹിക്കുമെന്നും മന്ത്രി കൽപറ്റയിൽ പറഞ്ഞു. മേപ്പാടിയിൽ ക്യാമ്പ് മാറ്റിയാൽ ഉടനെ ക്ലാസ് ആരംഭിക്കുമെന്നും മന്ത്രി കൽപ്പറ്റയിൽ ഉന്നതല യോഗത്തിനു ശേഷം അറിയിച്ചു. 20 ദിവസങ്ങൾക്കകം ക്ലാസ്സുകൾ ആരംഭിക്കാനാകുമെന്നാണ് വിലയിരുത്തൽ.

വയനാട് ദുരന്തമേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരമായിരുന്നു യോഗം.

✪✪✪

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന സംഭാവനകളും അനുബന്ധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പൊതു ജനങ്ങളിൽ നിന്ന് ലഭിക്കുന്ന അന്വേഷണങ്ങൾക്ക് മറുപടി നൽകാൻ ധനവകുപ്പിൽ താൽക്കാലിക പരാതി പരിഹാര സെൽ രൂപീകരിച്ചു. പരാതികൾക്കും സംശയങ്ങൾക്കും മൊബൈൽ ഫോണിലും E-mail-ലും സെല്ലിനെ സമീപിക്കാം.

✪✪✪

ജനങ്ങളിൽ നിന്ന് പിരിക്കുന്ന ഫണ്ടിൽ കയ്യിട്ടുവാരില്ലെന്ന് ജനങ്ങൾക്ക് ഉറപ്പ് കൊടുക്കേണ്ടത് മുഖ്യമന്ത്രി പിണറായി വിജയൻ തന്നെയാണെന്ന് KPCC പ്രസിഡന്റ് K. സുധാകരൻ ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു. അതിനു പകരം സൈബർ പോരാളികളെ ഉപയോഗിച്ച് ജനങ്ങളെ പ്രകോപിപ്പിക്കാൻ പാടില്ല. ദുരന്തമുഖത്ത് കൊടിയുടെ നിറം നോക്കി പ്രവർത്തിക്കുന്നത് അവസാനിപ്പിക്കണമെന്നും സുധാകരൻ മുഖ്യമന്ത്രിയോടും CPIM-നോടും ആവശ്യപ്പെട്ടു.

✪✪✪

വയനാട് ദുരന്ത മുഖത്ത് രക്ഷാ പ്രവർത്തനത്തിനായി കേരളീയ സമൂഹം പ്രകടിപ്പിച്ച ഒത്തൊരുമ മാതൃകാപരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ദുരന്തം ലോകത്തെ മുഴുവൻ മനുഷ്യരെയും വേദനിപ്പിച്ചെന്ന് അദ്ദേഹം വിലയിരുത്തി. തിരുവനന്തപുരത്ത് S.A.P, K.A.P - 5 ബറ്റാലിയനുകളിൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരുടെ പാസിങ് ഔട്ട്

പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കുറ്റ കൃത്യങ്ങൾ തടയുന്നതോടൊപ്പം ആപത് ഘട്ടങ്ങളിൽ ജനങ്ങൾക്കൊപ്പം നിൽക്കുക കൂടിയാണ് കർത്തവ്യമെന്ന് പോലീസ് കാട്ടിത്തരുന്നു. രാജ്യത്തെ പോലീസ് സേനകൾക്ക് മാതൃകയാകാൻ കേരള പോലീസിന് ഇന്ന് കഴിയുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

തിരുവനന്തപുരത്ത് മന്ത്രി M.B രാജേഷിന്റെ നേതൃത്വത്തിൽ നാളെ നടത്താനിരുന്ന ജില്ലാ തദ്ദേശ അദാലത്ത് മാറ്റിവെച്ചു. വയനാട് ദുരന്തവുമായും, മഴക്കെടുതിയുമായും ബന്ധപ്പെട്ട നടപടികളുടെ പശ്ചാത്തലത്തിലാണ് അദാലത്ത് മാറ്റിയത്. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

✪✪✪

ഇടുക്കി പെട്ടിമുടി ദുരന്തത്തിന് ഇന്ന് നാല് വയസ്. 2020 ഓഗസ്റ്റ് ആറിനാണ് നാടിനെ നടുക്കിയ ഉരുൾപൊട്ടലുണ്ടായത്.

പെട്ടിമുടി ഉരുൾപൊട്ടലിൽ എഴുപത് പേർ മരിച്ചതായാണ് കണക്ക്. നാല് ലയങ്ങൾ തകർത്ത് മലവെള്ളം കടന്നുപോയി. 19 ദിവസത്തെ തിരച്ചിലിൽ കണ്ടെടുക്കാനായത് 66 മൃതദേഹങ്ങൾ മാത്രമാണ്. നാല് പേരെ ഇന്നും കണ്ടെത്തിയിട്ടില്ല. പുത്തുമല ദുരന്തമുണ്ടായി ഒരുവർഷം കഴിഞ്ഞപ്പോഴായിരുന്നു പെട്ടിമുടി ഉരുൾപൊട്ടലുണ്ടായത്.

✪✪✪

ഫിജിയിലെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു, ഫിജി പ്രസിഡന്റുമായി കൂടിക്കാഴ്ച്ച നടത്തി. ഇന്ത്യ-ഫിജി ബന്ധം കൂടുതൽ ആഴത്തിലാക്കുന്നതിന് കൂടിക്കാഴ്ചയിൽ ഇരു നേതാക്കളും ചർച്ച നടത്തിയതായി ദ്രൗപതി മുർമു സാമൂഹ്യ മാധ്യമ പോസ്റ്റിൽ അറിയിച്ചു.

✪✪✪

ബംഗ്ലാദേശിലെ സാഹചര്യം വിലയിരുത്താൻ ന്യൂഡൽഹിയിൽ സർവ്വകക്ഷി യോഗം ചേർന്നു. ബംഗ്ലാദേശിലെ ഇപ്പോഴത്തെ സ്ഥിതിഗതികളിൽ ഇന്ത്യ ആശങ്കപ്പെടേണ്ടതില്ലെന്ന് കേന്ദ്ര ഗവൺമെന്റ് സർവകക്ഷി യോഗത്തിൽ, വ്യക്തമാക്കി.

വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ നേതാക്കളെ ബംഗ്ലാദേശിലെ ഇപ്പോഴത്തെ അവസ്ഥ ധരിപ്പിച്ചു. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, കിരൺ റിജിജു, J.P നദ്ദ, തുടങ്ങിയവർക്കു പുറമെ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, തൃണമൂൽ കോൺഗ്രസ് നേതാവ് സുദീപ് വന്ദോപാധ്യായ, NCP നേതാവ് സുപ്രിയ സുലെ, RJD നേതാവ് മിസാ ഭാരതി, SP നേതാവ് രാംഗോപാൽ യാദവ്, DMK -യിലെ T.R. ബാലു, തുടങ്ങിയവർ, പങ്കെടുത്തു. ബംഗ്ലാദേശിൽ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ രാജിയെ തുടർന്നുണ്ടായ ഏറ്റവും പുതിയ സ്ഥിതി വിലയിരുത്താൻ ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ മന്ത്രിസഭയുടെ സുരക്ഷാകാര്യസമിതി യോഗം ചേർന്നിരുന്നു.

✪✪✪

സംസ്ഥാനത്ത് മഴ ദുർബലമാകുന്നു. ഇന്ന് ഒരു ജില്ലയിലും പ്രത്യേക മഴ മുന്നറിയിപ്പ് നൽകിയിട്ടില്ല. വടക്കൻ കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദപാത്തി നിലനിൽക്കുന്നുണ്ട്. വടക്ക് കിഴക്കൻ മധ്യപ്രദേശിനും തെക്കൻ ഉത്തർപ്രദേശിനും മുകളിൽ തീവ്ര ന്യൂനമർദവും സ്ഥിതി ചെയ്യുന്നുണ്ട്.

✪✪✪

ഭാരതപുഴയിൽ വെള്ളം കയറിയതിനെ തുടർന്ന് അടച്ച പട്ടാമ്പി പാലം ഗതാഗതത്തിന് തുറന്നു കൊടുത്തു. തകർന്ന കൈവരി പുനർനിർമ്മിക്കാത്തതിനാൽ വാഹനങ്ങൾ ഒറ്റവരിയായി സുരക്ഷ ഒരുക്കിയാണ് കടത്തി വിടുന്നത്. പട്ടാമ്പി പാലം പരിശോധിച്ച് അറ്റകുറ്റപണിയുടെ കർമ്മ പരിപാടി തയ്യാറാക്കാൻ PWD അധികൃതർക്ക് ഇന്നലെ നടന്ന മഴക്കെടുതി അവലോകന യോഗത്തിൽ മന്ത്രി K.കൃഷ്ണൻകുട്ടി നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

നീരൊഴുക്ക് കുറഞ്ഞതിനെ തുടർന്ന് പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാമിന്റെ ഷട്ടർ 25cm-ൽ നിന്നും 5-cm ആയി താഴ്ത്തി. ആളിയാർ ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ പൂർണ്ണമായും താഴ്ത്തി.

✪✪✪

കണ്ണൂർ ജില്ലയിൽ പരക്കെ മഴ തുടരുന്നു. രാവിലെ മുതലാണ് മഴ ആരംഭിച്ചത്. രണ്ടുദിവസത്തെ ഇടവേളക്ക്

ശേഷം മഴ വീണ്ടും ശക്തമായത് സാധാരണ ജന ജീവിതത്തെ ബാധിച്ചിട്ടുണ്ട്.

✪✪✪

കണ്ണൂർ DTPC വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയ നിയന്ത്രണം ഭാഗികമായി പിൻവലിച്ചു. എന്നാൽ ബീച്ചിലെ നിയന്ത്രണം തുടരും. മുഴപ്പിലങ്ങാട് ബീച്ചിൽ വാഹനങ്ങളുടെ പ്രവേശനവും നിരോധിച്ചിട്ടുണ്ട്.

✪✪✪

പാരീസ് ഒളിമ്പിക്സിലെ അത്-ലറ്റിക്സിൽ ഇന്ത്യൻ താരം അവിനാഷ് സാബ്‌ലെ 3,000 മീറ്റർ സ്റ്റീപ്പിൾചേസ് ഫൈനലിൽ കടന്നു. ഇതാദ്യമായാണ് ഒരു ഇന്ത്യൻതാരം ഈയിനത്തിൽ ഒളിമ്പിക് ഫൈനലിൽ എത്തുന്നത്. മറ്റന്നാളാണ് ഫൈനൽ മത്സരം.

ഇന്നലെ ടേബിൾ ടെന്നിസിൽ മണിക ബത്ര, ശ്രീജ അകുല, അർച്ചന കാമത്ത് എന്നിവരടങ്ങിയ വനിതാ ടീം റൊമാനിയൻ ടീമിനെ തോൽപ്പിച്ച് ക്വാർട്ടറിലെത്തി. നാളെയാണ് ക്വാർട്ടർ ഫൈനൽ മത്സരം

ഇന്ന് പുരുഷൻമാരുടെ ജാവലിൻ ത്രോ യോഗ്യത മത്സരത്തിൽ മുൻ ഒളിമ്പിക് സ്വർണ ജേതാവ് നീരജ് ചോപ്ര കളത്തിലിറങ്ങും. ഇന്ത്യാ- ജർമനി ഹോക്കി സെമി ഫൈനൽ മത്സരവും ഇന്നാണ്. രാത്രി പത്തരയ്ക്കാണ് മത്സരം.

✪✪✪

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഓണം ഖാദി മേളയുടെയും നവീകരിച്ച ഖാദി ഷോറൂമിന്റെയും ഉദ്ഘാടനം മറ്റന്നാൾ കണ്ണൂരിൽ മന്ത്രി V.N.വാസവൻ ഉദ്ഘാടനം ചെയ്യും.

വസ്ത്രങ്ങൾ അലക്കി ഇസ്തിരി ഇട്ടു നൽകുന്ന പദ്ധതിയും ഇതോടൊപ്പം ആരംഭിക്കുന്നുണ്ട്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

..........വോയ്സ്.........

✪✪✪

തിരുവനന്തപുരം മുതലപ്പൊഴിയിൽ വീണ്ടും വള്ളം മറിഞ്ഞു. വെള്ളത്തിൽ വീണ രണ്ട് പേരെ രക്ഷപ്പെടുത്തി. അഴിമുഖത്തെ മണ്ണിൽ ഇടിച്ച് വള്ളത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ട് പുലിമുട്ടിൽ ഇടിക്കുകയായിരുന്നു. വള്ളത്തിൽ ഉണ്ടായിരുന്ന 25 പേരും സുരക്ഷിതരാണ്.

✪✪✪

സംസ്ഥാന പൊലീസിലെ 17 ഓഫീസർമാർക്ക് IPS പദവി നൽകി കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. 2022-ലെ പട്ടികയിൽ അഞ്ച് പേർക്കും 21-ലെ പട്ടികയിൽ 12 പേർക്കുമാണ് IPS പദവി ലഭിച്ചത്.

✪✪✪

ഡോ. വന്ദനാദാസ് കൊലക്കേസിൽ സാക്ഷി വിസ്താരം അടുത്ത മാസം ഒൻപതിന് ആരംഭിക്കും. കേസിലെ 50 സാക്ഷികളെ ആദ്യഘട്ടത്തിൽ വിസ്തരിക്കും. 2023 മെയ്

പത്തിന് പുലർച്ചെയാണ് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡോ. വന്ദനാദാസിനെ സന്ദീപ് എന്നയാൾ ആക്രമിച്ച് കൊലപ്പെടുത്തിയത്.

✪✪✪

വടകര എടച്ചേരിയിൽ സ്കൂൾ വാഹനവും സ്വകാര്യ ബസും കൂട്ടിയിടിച്ച് എട്ട് വിദ്യാർഥികൾക്കും ഡ്രൈവർക്കും പരുക്കേറ്റു. ഓർക്കാട്ടേരി എം.എം ഓർഫനേജ് സ്കൂളിലെ കുട്ടികൾക്കാണ് പരുക്കേറ്റത്. പരുക്കേറ്റവരെ വടകരയിലെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

✪✪✪

പത്തനംതിട്ട പന്തളം കുരമ്പാല തോട്ടുകര പാലത്തിന് സമീപം രണ്ടുപേർ ഷോക്കേറ്റ് മരിച്ചു. പന്നി കയറാതിരിക്കാൻ കെട്ടിയിരുന്ന വൈദ്യുതി ലൈനിൽ നിന്നാണ് ഇവർക്ക് ഷോക്കേറ്റത്. കുരമ്പാല സ്വദേശികളായ ചന്ദ്രശേഖരൻ പിള്ള, ഗോപാലക്കുറുപ്പ് എന്നിവരാണ് മരിച്ചത്.

✪✪✪

പാലക്കാട് താലൂക്ക് കോങ്ങാട് - ഒന്ന് വില്ലേജിലെ ഡിജിറ്റൽ സർവേ ജോലികൾ പൂർത്തിയായതായി റീസർവേ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. സർവേ റിക്കാർഡുകൾ എന്റെ ഭൂമി പോർട്ടലിലും കോങ്ങാട് -ഒന്ന് വില്ലേജ് ഓഫീസിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഭൂവുടമസ്ഥർക്ക് രേഖകൾ ഓൺലൈനായി പരിശോധിക്കാമെന്നും അധികൃതർ അറിയിച്ചു.

✪✪✪